(ഡി) ആയുഷ് വകുപ്പ് രൂപീകരിക്കുന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ - ഇ) ആയുഷ് വകുപ്പ് രൂപീകരിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിൽ അനുവദിക്കപ്പെട്ട ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും

67 (4944) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കണ്ണൂർ ജില്ലയിൽ അനുവദിക്കപ്പെട്ട ആയുർവേദാശുപത്രികളും ഡിസ്പെൻസറികളും ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിൽ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ ;

(സി) ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഡിസ്പെൻസറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആയുർവേദ ഡിസ്പെൻസറികളിലെ മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ 18 ആയുർവേദ ഡിസ്പെൻസറികൾ താൽക്കാലികമായി എൻ.ആർ.എച്ച്.എം. മുഖേന അനുവദിച്ചിട്ടുണ്ട്. ടി ഡിസ്പെൻസറികൾ താഴെ ചേർക്കുന്ന മണ്ഡലങ്ങളിൽ സ്ഥിതി ചെയ്യുന്നു.

ഡിസ്പെൻസറി	മണ്ഡലം
(1)	(2)
1. കുഞ്ഞിമംഗലം	പയ്യന്നൂർ
2. ശ്രീകണ്ഠപുരം	ഇരിക്കൂർ
3. അഴിക്കോട്	അഴിക്കോട്
4. വളപട്ടണം	അഴിക്കോട്
5. ചിറ്റാരിപ്പറമ്പ്	പേരാവൂർ

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)
6.	ഉദയഗിരി	ഇരിക്കൂർ
7.	കടമ്പൂർ	എടക്കാട്
8.	ചെറുപുഴ	തൃക്കരിപ്പൂർ
9.	കുറുമാത്തൂർ	തളിപ്പറമ്പ്
10.	ചൊക്ലി	പെരിങ്ങുളം
11.	ചേലോറ	എടക്കാട്
12.	എളയാവൂർ	എടക്കാട്
13.	കണ്ണപുരം	അഴിക്കോട്
14.	മാടായി	പയ്യന്നൂർ
15.	എടക്കാട്	എടക്കാട്
16.	മൊകേരി	കൂത്തുപറമ്പ്
17.	കടന്നപ്പള്ളി പാണപ്പുഴ	പയ്യന്നൂർ
18.	കൊളച്ചേരി	തളിപറമ്പ്

(ബി) പള്ളിക്കുന്ന്, പുഴാതി എന്നീ പഞ്ചായത്തുകളിൽ ആയുർവേദ സ്ഥാപനങ്ങൾ നിലവിലില്ല.

(സി) ആയുർവേദ സ്ഥാപനങ്ങൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(ഡി) ആയുർവേദ സ്ഥാപനങ്ങളിൽ അവശ്യമരുന്നുകൾ ലഭ്യമാക്കിവരുന്നുണ്ട്.

പുതിയതായി അനുവദിച്ച ആയുർവേദ, ഹോമിയോപ്പതി ഡിസ്പെൻസറികളും ആശുപത്രികളും

68 (4945) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം പുതിയ എത്ര ആയുർവേദ ഹോമിയോപ്പതി ഡിസ്പെൻസറികളും, ആശുപത്രികളും സ്ഥാപിച്ചു എന്ന് അറിയിക്കുമോ ;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര അലോപ്പതി, ആയുർവേദ, ഹോമിയോ ഡോക്ടർമാരെ നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly